25962
6/12/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ ആദ്യത്തെ ആറ് മാസത്തെ പ്രവർത്തന ചെലവുമായി ബന്ധപ്പെട്ട് 2017-18 വാർഷിക പദ്ധതയിൽ ഉൾപ്പെടുത്തി തയാറാക്കിയ പ്രൊജക്ടിൽ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിലെ തൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിന് തുക വകയിരുത്തുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3831/2017/തസ്വഭവ തിരുവനന്തപുരം, തീയതി 27.11.2017

പരാമർശം :- 1) മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2017 ലെ കത്ത്
2) 15.11.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.2

**ഉത്തരവ്**

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ ആദ്യത്തെ ആറ് മാസത്തെ പ്രവർത്തന ചെലവുമായി ബന്ധപ്പെട്ട് 2017-18 വാർഷിക പദ്ധതയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് തയാറാക്കി വെറ്റിങ്ങിന് പരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത പ്രൊജക്ടിൽ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിലെ തൊഴിലാളികൾക്ക് ഓണറേറിയം നൽകുന്ന തുക വകയിരുത്തുന്നത് ഉൾപ്പെട്ടിരുന്നതിനാൽ നിലവിലെ മാർഗ്ഗ നിർദേശ പ്രകാരം ആയതിന് അംഗീകാരം നൽകുവാൻ കഴിയില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകണമെന്നു പരാമർശം 1 പ്രകാരം മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ ആദ്യത്തെ ആറ് മാസത്തെ പ്രവർത്തന ചെലവുമായി ബന്ധപ്പെട്ട് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തയാറാക്കിയ പ്രൊജക്ടിൽ (പ്രൊ.നം.80/18) പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിലെ തൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിന് തുക

വകയിരുത്തുന്നതിനു മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന് പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ചെലവ് യൂസർഫീയിൽ നിന്നും വഹിക്കേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, മാറഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ